## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1277 — 01.07.2015-ൽ മറുപടിയ്ക്ക്

# ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ആധാരങ്ങൾ തയ്യാറാക്കി ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കാനുമുള്ള സൗകര്യം തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) ആധാര രജിസ്ട്രേഷന്റെ ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ചു നൽകിക്കൊണ്ട് രജിസ്ട്രേഷന് വേണ്ടി കാത്തുനിന്ന് പൊതുജനങ്ങൾക്കുണ്ടാകുന്ന സമയനഷ്ടം ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓൺലൈൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുകവഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രാധാന്യം. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) | രജിസ്ട്രേഷനായി ആഫീസിൽ ഹാജരാകേണ്ട സമയം കക്ഷികൾക്കുതന്നെ നിശ്ചയിക്കുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനത്തിലൂടെ ലഭിക്കുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്ക് സമയലാഭം ഉണ്ടാകുന്നതാണ്. ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ നീട്ടിവയ്ക്കുന്നു എന്ന പരാതിയും ഇതിലൂടെ പരിഹരിക്കുവാൻ സാധിക്കും കൂടാതെ വിദേശത്തുള്ള കക്ഷികൾക്ക് ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അവരുടെ ഫോട്ടോ, വിരൽപതിപ്പ് എന്നിവ ഓൺലൈനായി സബ് രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുവാനും ഭാവിയിൽ സാധിക്കുന്നതാണ്. |
| ഡി) | ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ഡി) | രജിസ്ട്രേഷൻ, ട്രഷറി വകുപ്പുകൾക്ക് പുറമെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങൾ ഓൺലൈൻ പദ്ധതിയുമായി സഹകരിക്കുന്നു. |
| ഇ) | പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | ഇ) | 1. പദ്ധതിയുടെ പരീക്ഷണഘട്ടത്തിന് തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 01.09.2011-ൽ തുടക്കം കുറിക്കുകയും ആയത് വിജയകരമായി പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി നടപ്പാക്കുകയും ചെയ്തു.<br>2. ആദ്യ ഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ തുടങ്ങിയവ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള |

ടോക്കൺ നേരത്തേ എടുക്കാനുമുള്ള സൗകര്യവും തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

3. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനുകൾക്ക് ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
4. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
5. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തു കൊണ്ട് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിലൂടെ രജിസ്റ്റർ വാല്യങ്ങളിലെ വിവരങ്ങൾ നശിച്ചു പോകാതെ സംരക്ഷിക്കുവാനും ആധാരപകർപ്പുകൾ അപേക്ഷകർക്ക് ഒട്ടും കാലതാമസം കൂടാതെ നൽകുവാനും കഴിയുന്നതാണ്.
6. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതലുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ